

# ചെങ്ങറ സമരത്തിന്റെ പ്രാധാന്യം

ളാഹ ഗോപാലൻ

**കഴിഞ്ഞ** പത്തുമാസക്കാലമായി പത്തംതിട്ട ജില്ലയിലെ ചെങ്ങറയിലെ ഹാരിസൺസ് മലയാളം ലിമിറ്റഡ് 95 വർഷക്കാലമായി പാട്ടത്തിൽ കൈവശം വച്ചുകൊണ്ടിരിക്കുന്ന 1048 ഏക്കർ ഭൂമിയിൽ പതിനായിരക്കണക്കിന് ഭൂരഹിതരും ദളിതരും കുടിൽകെട്ടി താമസിച്ച് നടത്തിവരുന്ന സമരമാണ് ചെങ്ങറയിലേത്. ഈ സമരത്തിന് ഇത്രയുമധികമാളുകളുടെ പങ്കാളിത്തമെങ്ങിനെ കിട്ടിയെന്ന് ഗവൺമെന്റ് ഇപ്പോൾ അത്ഭുതപ്പെടുന്നു. കേരളത്തിലെ ഒരു മുഖ്യധാരാ രാഷ്ട്രീയ കക്ഷിയ്ക്കും പതിനായിരക്കണക്കിന് ആളുകളെ പങ്കെടുപ്പിച്ചു കൊണ്ട് ഇത്രവലിയ രീതിയിലൊരു സമരം നടത്താൻ കഴിയുമോ എന്നതിൽ സംശയമുണ്ട്. രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് ചിന്തിക്കാൻ കഴിയാത്ത വിധം ജനപങ്കാളിത്തം ചെങ്ങറ സമരത്തിന് കിട്ടിയിരിക്കുന്നു. പക്ഷെ സമരത്തെ തകർക്കുന്നതിനായി നിരവധി ആരോപണങ്ങൾ അവർ ഇന്ന് ഉയർത്തിവിട്ടുകൊണ്ടിരിക്കുകയാണ്.

അധികാരവർഗ്ഗവും രാഷ്ട്രീയകക്ഷികളും ഒരുവശത്ത് ഇത്തരം നീക്കങ്ങൾ നടത്തുമ്പോൾ പോലീസിനെ ഉപയോഗിച്ച് സമരത്തെ തച്ച് തകർക്കാനുള്ള നീക്കങ്ങൾ മറുവശത്ത് നടക്കുന്നുണ്ട്. പൊതുജനങ്ങളുടെ ആത്മാർത്ഥമായ പിന്തുണകൊണ്ടാണ് പ്രശ്നങ്ങൾക്കിടയിലും സമരം ഇപ്പോഴും മുന്നോട്ട് പോകുന്നത്. എന്നാൽ നിത്യേന കേട്ടുകൊണ്ടിരിക്കുന്നത് ഈ സമരത്തെക്കുറിച്ചുള്ള അപവാദങ്ങൾ മാത്രമാണ്. ഈ സമരത്തിന് പിറകിൽ ഭീകരസംഘടനകളുണ്ടെന്ന് വരുത്തിത്തീർക്കുന്നതിനായി ചില പത്രങ്ങളും ചാനലുകളും തുനിഞ്ഞിറങ്ങിയിരിക്കുകയാണ്. സമരത്തിനാധാരമായ വിഷയങ്ങൾ ജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് പകരം ഇത്തരം ആത്മാർത്ഥതയില്ലാത്ത, പരിഹരിക്കപ്പെടേണ്ടതില്ലാത്ത സമരമാണെന്നാണ് മുഖ്യമന്ത്രിപോലും പറയുന്നത്. ഞങ്ങൾ പട്ടികവിഭാഗക്കാർക്ക് സ്വന്തമായൊരു മന്ത്രിയുണ്ട്, എ.കെ. ബാലൻ. അദ്ദേഹം ഇതിനെക്കുറിച്ച് പറയുന്നത് വളരെ മോശമായിട്ടാണ്. കഴിഞ്ഞ ആറ് പതിറ്റാണ്ടായി 12 പട്ടികജാതി മന്ത്രിമാർ ഞങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടത്തിക്കഴിഞ്ഞു. ഞങ്ങൾക്ക് വേണ്ടി കോടിക്കണക്കിന് രൂപയും ചിലവാക്കിക്കഴിഞ്ഞു. അവയെല്ലാം പാഴായിപോയതും നമ്മൾ അറിഞ്ഞു. എന്നിട്ടും ഇത്തരമൊരു സമരത്തിന് ഞങ്ങളെ പ്രേരിപ്പിച്ചതെന്താണെന്ന് പട്ടികവിഭാഗ മന്ത്രി അത്ഭുതപ്പെടുന്നു. കോടിക്കണക്കിന് രൂപ കഴിഞ്ഞ ആറ് പതിറ്റാണ്ടായി ചിലവാക്കിയിട്ട് ഈ നാട്ടിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരെ ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിക്കാൻ കഴിഞ്ഞോ എന്നാണ് ഈ മന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത്. ദാരിദ്ര്യരേഖയ്ക്ക് മുകളിൽ ഈ വിഭാഗങ്ങളെ എത്തിച്ചിരുന്നെങ്കിൽ ആയിരക്കണക്കിന് വരുന്ന ഭൂരഹിതർ ഇന്ന് ചെങ്ങറയിലെത്തുമോ? കഴിഞ്ഞ വർഷമുണ്ടായ കടുത്ത പേമാരിയേയും, ഇടിയും മിന്നലിനെയുമൊന്നും വകവയ്ക്കാതെയാണ് ഭൂമിയ്ക്ക് വേണ്ടി ഇവർ ചെങ്ങറ തോട്ടത്തിൽ സമരം ചെയ്യുന്നത്. ഈ യാഥാർത്ഥ്യങ്ങളെല്ലാം മറച്ചുവെച്ച് ഇതൊരു ജനകീയ ഗവൺമെന്റിനെ അപമാനിക്കുന്നതിനായി നടത്തുന്ന സമരമാണെന്നാണ് ചിലർ ആരോപിക്കുന്നത്. ഈ ബാഹ്യശക്തി എന്നുപറഞ്ഞാൽ എന്താണെന്നുപോലും എനിക്കറിയില്ല. നാടിന്റെ പലഭാഗത്ത് നിന്നും ഈ പട്ടിണി പാവങ്ങളെ മനസിലാക്കുന്നതിനും ഇവർ എന്തിനാണ് സമരം ചെയ്യുന്നതെന്നതിന്റെ കാരണ



**സമരത്തിന്റെ മുൻനിരയിൽ നിൽക്കുന്ന പാവപ്പെട്ട ജനങ്ങളേക്കാൾ സമരത്തിന് പിറകിലുള്ള ബാഹ്യശക്തികളെ കാണാനാണ് അവർക്ക് താൽപര്യം. സമരത്തിന് മുന്നിൽ നിൽക്കുന്നവരെല്ലാം ഭൂമിയും വീടുമുള്ളവരാണെന്നാണ് സർക്കാർ അതിന് മറുപടിയായി പറയുന്നത്. കഴിഞ്ഞ 32 വർഷക്കാലമായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മൂന്ന് സെന്റ് ഭൂമിയും ഒരു ലക്ഷംവീടും കൊടുത്തുവരുന്നുണ്ട്. ആ ഭൂമിയേയും വീടിനെയും കുറിച്ചാണ് ഇവർ പറയുന്നത്. അതിൽ കൂടുതൽ ചോദിക്കാൻ ഈ രാജ്യത്തെ പട്ടികജാതിക്കാർക്ക് അവകാശമില്ല എന്ന് പറയുന്നതാണ് ഈ നാട്ടിലെ കമ്മ്യൂണിസ്റ്റ് സിദ്ധാന്തം.**

മറിയാനും തയ്യാറാകാതെ വെറുതെ ആരോപണങ്ങൾ ഉന്നയിക്കുന്നതിന് എന്ത് ന്യായമാണ് ഉള്ളത്. സമരത്തിന്റെ മുൻനിരയിൽ നിൽക്കുന്ന പാവപ്പെട്ട ജനങ്ങളേക്കാൾ സമരത്തിന് പിറകിലുള്ള ബാഹ്യശക്തികളെ കാണാനാണ് അവർക്ക് താൽപര്യം. സമരത്തിന് മുന്നിൽ നിൽക്കുന്നവരെല്ലാം ഭൂമിയും വീടുമുള്ളവരാണെന്നാണ് സർക്കാർ അതിന് മറുപടിയായി പറയുന്നത്. കഴിഞ്ഞ 32 വർഷക്കാലമായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മൂന്ന് സെന്റ് ഭൂമിയും ഒരു ലക്ഷം വീടും കൊടുത്തുവരുന്നുണ്ട്. ആ ഭൂമിയേയും വീടിനെയും കുറിച്ചാണ് ഇവർ പറയുന്നത്. അതിൽ കൂടുതൽ ചോദിക്കാൻ ഈ രാജ്യത്തെ പട്ടികജാതിക്കാർക്ക് അവകാശമില്ല എന്ന് പറയുന്നതാണ് ഈ നാട്ടിലെ കമ്മ്യൂണിസ്റ്റ് സിദ്ധാന്തം. 57ലെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അവതരിപ്പിച്ച് പിന്നീട് പാസാക്കിയെടുത്ത ഭൂനയബില്ലിലൂടെയാണ് ഇത് കൊടുക്കാൻ തീരുമാനമായത്. ഭരണത്തിൽ വന്നതിന്റെ 50ാം വർഷം ആഘോഷിക്കുമ്പോഴും അവർ എടുത്തുകാട്ടി പറയുന്നത് ഈ ബില്ലിനെക്കുറിച്ചാണ്. ഈ നാട്ടിലെ അടിസ്ഥാന വർഗ്ഗത്തോട് ചെയ്ത ഏറ്റവും വലിയ ക്രൂരതയായിരുന്നു ഈ ഭൂനയബില്ല്. മണ്ണിന്റെ മേൽ അടിസ്ഥാനവർഗ്ഗങ്ങൾക്കുള്ള അവകാശങ്ങളെല്ലാമെടുത്ത് കളഞ്ഞ് 17-ാം നൂറ്റാണ്ടിൽ നിലനിന്നിരുന്ന അടിമത്തം വീണ്ടും അടിച്ചേൽപ്പിക്കുവാനേ ഈ ബില്ലു കൊണ്ട് കഴിഞ്ഞിട്ടുള്ളൂ. നാളുകളായി അടിമത്തത്തിൽ കഴിയുന്ന വിഭാഗങ്ങൾക്ക് തുല്യനീതി വേണമെന്ന ഉൾക്കാഴ്ചയോടെ ഡോ. അംബേദ്കറുടെ നേതൃത്വത്തിൽ ഭരണഘടന രൂപീകരിക്കപ്പെട്ട് ഏഴ് വർഷങ്ങൾ കഴിഞ്ഞാണ് ഭൂനയബില്ല് കേരളത്തിൽ അവതരിപ്പിക്കപ്പെടുന്നത്.

1950 ജനുവരി 26ന് അംബേദ്കർ കൊണ്ടുവന്ന ഭരണഘടനയെ അട്ടിമറിച്ചുകൊണ്ട് വീണ്ടും അടിസ്ഥാന വർഗ്ഗങ്ങളെ അടിമത്തത്തിലേക്ക് തള്ളിയിടുകയായിരുന്നു ഈ ബിൽ. ഒരാൾക്ക് അഞ്ചേക്കർ ഭൂമിയെന്ന ഭരണഘടന വിഭാവനം ചെയ്ത, ഭൂമിയുള്ളവർക്കും ഭൂമിയില്ലാത്തവർക്കും തുല്യ നീതി നൽകുന്ന കാഴ്ച്ചപ്പാടിനെ അട്ടിമറിച്ചുകൊണ്ടാണ് ഇടതുഗവൺമെന്റ് ഭൂമിബിൽ അവതരിപ്പിച്ചത്. ആരും അഞ്ചേക്കറിൽ കൂടുതൽ ഭൂമിസമ്പാദിക്കാത്ത വിധത്തിൽ തുല്യനീതിയെന്ന വ്യവസ്ഥയായിരുന്നു ഭരണഘടനയിലുണ്ടായിരുന്നത്. എന്നാൽ കശുവണ്ടിയുടെയും റബ്ബറിന്റെ ഏലത്തിന്റെയും പേരിൽ അളവില്ലാത്ത വിധം തോട്ടഭൂമി കൈവശം വയ്ക്കാൻ സമ്പന്നന് അധികാരം നൽകുന്ന തരത്തിലായിരുന്നു ഇ.എം.എസ്. സർക്കാർ ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കിയത്. 21 വയസ്സ് പൂർത്തിയാക്കുന്ന ഒരു കുടുംബത്തിലെ ആർക്കും അഞ്ചേക്കർ ഭൂമി കൈവശം വയ്ക്കാൻ അധികാരം നൽകുന്നതായിരുന്നു ഇ.എം.എസ്. സർക്കാരിന്റെ നയം. അങ്ങിനെ വന്നപ്പോൾ ഒരു വീട്ടിൽ 21 വയസ് പൂർത്തിയാക്കിയ എത്രപേരുണ്ടോ അത്രയും ഭൂമി അവരുടെ അധികാര പരിധിയിലായിത്തീർന്നു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പഞ്ചായത്തിൽ 10 സെന്റ്, മുൻസിപാലിറ്റിയിൽ അഞ്ച് സെന്റ് കോർപ്പറേഷനിൽ മൂന്ന് സെന്റ് എന്നിങ്ങനെ പരിമിതപ്പെടുത്തി പട്ടികവിഭാഗക്കാർക്ക് ഭൂമിയുടെ മേലുള്ള അധികാരം നിയമപരമായി ഇല്ലാതാക്കുകയാണ് ഇടതുപക്ഷസർക്കാർ അന്ന് ചെയ്തത്. അഞ്ചേക്കർ ഭൂമിയെന്ന ഭരണഘടനാപരമായ അവകാശം നടപ്പിലാക്കികിട്ടുകയെന്നതാണ് ചെങ്ങറ ഭൂസമരത്തിന്റെ ലക്ഷ്യം.

കേരളത്തിലെ മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളിൽ പട്ടികജാതിക്കാരനുള്ള സ്ഥാനം നിങ്ങൾക്കെല്ലാവർക്കുമറിയാം. മാർക്സിസ്റ്റുപാർട്ടിയും കോൺഗ്രസിലും ബി.ജെ.പി.യിലും മറ്റെല്ലാ കക്ഷികളിലും ഞങ്ങൾക്ക് പ്രത്യേക സീറ്റാണുള്ളത്. മാർക്സിസ്റ്റ് പാർട്ടിയിലാണെങ്കിൽ ഞങ്ങളുടെ വിഭാഗത്തിന് കർഷക തൊഴിലാളി വിഭാഗത്തിൽ മാത്രമേ പ്രവേശനമുള്ളൂ. അധകൃതവർഗ്ഗങ്ങൾ അവർക്കായുള്ള വിഭാഗത്തിന്റെ നേതൃനിരയിൽ നിന്നാൽ മതിയെന്നാണ് എല്ലാ രാഷ്ട്രീയ കക്ഷികളുടെയും നിലപാട്. അല്ലാതെ കേരളത്തിലെ ഒരു രാഷ്ട്രീയ സംഘടനയുടെയും നേതൃത്വ നിരയിലേക്ക് പട്ടികജാതിക്കാരാരും വന്നിട്ടില്ല. രാഷ്ട്രീയ പരമായി മാത്രമല്ല സാമൂഹികവും, സാമ്പത്തികവുമായും പട്ടികവർഗ്ഗങ്ങൾ ഇപ്പോഴും നേതൃത്വ നിരയിൽ നിന്നും പിന്തള്ളപ്പെടുകയാണ്. ചെങ്ങറ സമരത്തെ ആക്ഷേപിക്കുന്നവരോട് എനിക്ക് ചോദിക്കാനുള്ളത്

നിങ്ങൾ എ.പി.എൽ. എന്നും ബി.പി.എൽ.എന്നും രണ്ട് കാർഡു കൾ ഈ നാട്ടിൽ വിതരണംചെയ്യു ന്നത് എന്തിനാണെന്നാണ്? അരനൂറ്റാ ണ്ടിലേറെകാലമായി ഈ നാട്ടിൽ റേഷൻ സമ്പ്രദായം നിലവിൽ വന്നിട്ട്. മുൻകാലങ്ങളിൽ ഒരേയൊരു റേഷൻകാർഡുമാത്രമായിരുന്നു ഈ നാട്ടിൽ ഉണ്ടായിരുന്നത്. അന്ന് വീട്ടിലെ അംഗസംഖ്യയ്ക്കനുസരിച്ച് എല്ലാവർഷവും ഒരേ രീതിയിൽ മണ്ണെ ണ്ണയും പഞ്ചസാരയും അരിയു മൊക്കെ കിട്ടുമായിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതി അതല്ല. രണ്ടേരണ്ട് റേഷൻ കാർഡുകൾ മാത്രമാണിന്നു ള്ളത്. എ.പി.എല്ലും, ബി.പി.എല്ലും വന്നതോടെ പല പട്ടികവിഭാഗക്കാരും എ.പി.എൽ.ലിസ്റ്റിൽ വരുകയും റേഷൻ കിട്ടുന്നതിന്റെ അളവ് കുറ യുകയും ചെയ്തു. പാവപ്പെട്ടവനെ പരിഗണിച്ചല്ല എ.പി.എല്ലും, ബി.പി.എല്ലും തീരുമാനിച്ചത്. പട്ടിക ജാതിക്കാരന്റെ കൈയ്യിൽ കിട്ടിയിരി ക്കുന്ന എ.പി.എൽ.കാർഡിന്റെ അർത്ഥം പട്ടികജാതിക്കാരൻ തിരിച്ച റിഞ്ഞിരുന്നെങ്കിൽ അവരത് വലിച്ചെ റിഞ്ഞേനെ. ഈ രാജ്യത്തെ പട്ടിണി കിടക്കുന്ന ജനങ്ങളെ ദാരിദ്ര്യരേ ഖയ്ക്ക് മുകളിലെത്തിക്കുന്നതിനുള്ള ഉത്തരവാദിത്തമുള്ള ഗവൺമെന്റുകൾ എ.പി.എല്ലെന്നും, ബി.പി.എല്ലെന്നും തരംതിരുവുകൾ നടത്തുക മാത്രമാ ണിപ്പോൾ ചെയ്യുന്നത്. 1932 സെപ്തം ബർ മാസം 24-ാം തിയ്യതി പൂനയിലെ വച്ച് ഗാന്ധിജിയും പട്ടേലും നെഹ്റുവും ജിന്നയുമൊക്കെ ചേർന്ന് അംബേദ്കറുമായി ഒരു കരാറു ണ്ടാക്കി. ആ കരാർ പൂന പാക്ട് എന്ന പേരിലാണ് അറിയപ്പെടുന്നത്. അതിലെ പ്രധാന വ്യവസ്ഥ ഈ നാട്ടിലെ അടിസ്ഥാന വർഗ്ഗ ജനവി ഭാഗങ്ങളെ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടി പത്ത് വർഷത്തിനുള്ളിൽ ദാരി ദ്ര്യരേഖയ്ക്ക് മുകളിലെത്തിക്കുമെന്ന തായിരുന്നു ഈ വ്യവസ്ഥ. പത്ത് വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്ന തിന് പകരം നീട്ടി നീട്ടി കൊണ്ടുവന്ന് ഇന്ന് ആറ് പതിറ്റാണ്ടുകൾ പിന്നിടു കയാണ്. പട്ടികവിഭാഗങ്ങളെ ദാരിദ്ര്യ രേഖയ്ക്ക് മുകളിലെത്തിക്കുവാനുള്ള ശ്രമങ്ങൾ ഈ നാട് മാറിമാറി ഭരിച്ച ഒരു സർക്കാരും നടത്തിയിട്ടില്ല. പൂന കരാറിനോട് കാണിച്ച വഞ്ചനയാണ്.



എ.പി.എ ല്ലെന്നും ബി.പി.എല്ലെന്നും ഇന്നുള്ള വേർതിരുവുകൾ. എ.കെ.ആന്റണി മുഖ്യമന്ത്രിയായിരി ക്കുമ്പോഴാണ് എ.പി.എല്ലെന്നും ബി.പി.എല്ലെന്നുമുള്ള വ്യവസ്ഥ പ്രാബല്യത്തിൽ വരുന്നത്. ദാരിദ്ര്യ രേഖ എങ്ങിനെയാണ് വരച്ചിരിക്കുന്ന തെന്ന യാഥാർത്ഥ്യം ഒരു മുഖ്യധാര രാഷ്ട്രീയ കക്ഷിയും ഇതേവരെ തുറന്ന് പറഞ്ഞിട്ടില്ല. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയ ശേഷം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ എണ്ണം വർദ്ധിച്ചുവെന്ന സത്യം മാത്രമാണ് അവർ തുറന്ന് പറയുന്നത് ഞങ്ങ ളുടെ രണ്ട് വോട്ടവകാശം ബലികൊ ടുത്തുകൊണ്ടാണ് ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തുവാനുള്ള അവകാശം ഞങ്ങൾ നേടിയെടുത്തത്. 1909ൽ ഈ രാജ്യത്ത് 21 വയസ് പൂർത്തി യായ എല്ലാവർക്കും പ്രായപൂർത്തി വോട്ടവകാശം ബ്രീട്ടീഷ് സർക്കാർ പ്രഖ്യാപിച്ചു. അന്നുമുതൽ ഇന്ത്യക്കാ രെല്ലാം ഈ നാട്ടിൽ നടന്ന തിരഞ്ഞെ ടുപ്പുകളിലെല്ലാം വോട്ട് ചെയ്തിട്ടുണ്ട്. എന്നാൽ 1909 മുതൽ 1932 വരെ ഈ നാട്ടിലെ പട്ടികവിഭാഗക്കാർക്ക് വോട്ട വകാശമുണ്ടായിരുന്നില്ല. അംബേദ്ക റുടെ സമ്മർദ്ദഫലമായി സൈമൺ കമ്മീഷനുൾപ്പെടെ ഇന്ത്യയിൽ വന്ന് പരിശോധിച്ച ശേഷമാണ് 1932 ഞങ്ങ ളുടെ വിഭാഗക്കാർക്ക് രണ്ട് വോട്ടവ കാശം ലഭിക്കുന്നത്. മറ്റെല്ലാ വിഭാഗ ങ്ങളും ഒരോട്ട് ചെയ്യുമ്പോൾ അടി സ്ഥാനവർഗ്ഗ ജനവിഭാഗങ്ങൾക്ക് രണ്ട്

വോട്ട് ചെയ്യാം എന്നതായിരുന്നു അന്നുണ്ടായ കരാർ. സംവരണമ ണ്ഡലമല്ലാത്ത സ്ഥലങ്ങളിൽ വോട്ട് ചെയ്യുന്നതിനൊപ്പം സംവരണമണ്ഡ ലങ്ങളിൽ അവരുടെ പ്രതിനിധിയെ തിരഞ്ഞെടുക്കുന്നതിന് പട്ടികവിഭാഗ ക്കാർക്ക് മാത്രം വോട്ട് ചെയ്യാം എന്ന തായിരുന്നു ഈ രണ്ട് വോട്ടവകാശം. ആ അവകാശം ഇന്നും നിലനിന്നിരു ന്നെങ്കിൽ ഇപ്പോൾ നിയമസഭയിലുള്ള 14 സംവരണ മണ്ഡല പ്രതിനിധി കളും ഞങ്ങളുടെ പ്രശ്നങ്ങൾ ആത്മാർത്ഥമായി അവതരിപ്പിക്കു കയും വാദിക്കുകയും ചെയ്യുമായി രുന്നു. പത്താംപഞ്ചവത്സര പദ്ധതി യിൽ നിന്നും ഞങ്ങൾക്കായി നീക്കി വച്ച 133 കോടി രൂപ പാഴായി പോകു മ്പോൾ അത് ചോദിക്കാൻ ഒരു ജന പ്രതിനിധിയും ഇല്ലാതെ പോയത് പ്രത്യേക വോട്ടവകാശനിയമം ഇല്ലാതെ പോയതിന്റെ അന്തരഫല മാണ്. സ്വാതന്ത്ര്യം കിട്ടി പത്ത് വർഷ ത്തിനുള്ളിൽ എല്ലാ പട്ടികവിഭാഗക്കാ രെയും ദാരിദ്ര്യരേഖയ്ക്ക് മുകളിലെ ത്തിക്കാമെന്ന വാഗ്ദാനങ്ങൾ ആറ് പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും പാലി ക്കാൻ കഴിയാത്ത സാഹചര്യത്തി ലാണ് കക്ഷിരാഷ്ട്രീയ ഭേദമെന്യേ ഈ നാട്ടിലെ പട്ടികവിഭാഗങ്ങൾ അവ രുടെ അവകാശങ്ങൾക്കായി സംഘ ടിക്കാൻ തുടങ്ങിയത്. ആ അവകാ ശങ്ങൾ നേടിയെടുത്തേ കഴിയൂ എന്ന ബോധമാണ് ഇത്രയധികം ജന ങ്ങളെ ഇന്ന് ചെങ്ങറയിലെത്തിച്ചിരി

ക്കുന്നത്. ഏതൊരാൾക്കും അഞ്ചേക്കർ ഭൂമിയ്ക്ക് അവകാശമുണ്ടെന്ന ഭരണഘടനയിലെ വ്യവസ്ഥ കേരളത്തിലെ പട്ടികജാതിക്കാരൻ അറിയുന്നതിന് മുമ്പ് നിങ്ങൾക്കാരുമൊന്നും തന്നിട്ടില്ല എന്ന് പറഞ്ഞതാണ് 1957ൽ കേരളസർക്കാർ ഞങ്ങൾക്ക് ഭൂമി നൽകുകയാണെന്ന വ്യാജേന തന്ത്രപരമായി ഭൂനയബിൽ അവതരിപ്പിച്ചത്. ഭൂനയബിൽ അവതരിപ്പിച്ചതിനും പ്രാബല്യത്തിൽ വരുന്നതിനുമിടയിലുള്ള കാലത്ത് ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി കേരളത്തിലെ ദളിത് വിഭാഗങ്ങൾക്ക് അഞ്ചേക്കർ ഭൂമിവച്ച് നൽകണമെന്ന് പറഞ്ഞ് പുറത്തിറക്കിയ ഉത്തരവ് ഇവിടെ സർക്കാർ പൂഴ്ത്തിവെച്ചു. ഞാൻ പറഞ്ഞതിൽ സംശയമുണ്ടെങ്കിൽ നിങ്ങൾക്ക് ഗൗരിയമ്മയോട് അന്വേഷിക്കാം. അങ്ങിനെയൊരുത്തരായിറങ്ങിയിട്ടില്ലെന്ന് അവർ പറയുകയാണെങ്കിൽ ആ നിമിഷം ചെങ്ങറ സമരം പിൻവലിക്കാം. അങ്ങിനെ ഭൂമിയുടെ മേലുള്ള അവകാശങ്ങളിൽ നിന്നും ഞങ്ങളെ പിന്തിരിപ്പിക്കുവാൻ കച്ചകെട്ടിയിറങ്ങിയ പാർട്ടിയാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി. ആ പാർട്ടി ഈ നാട്ടിലുള്ളിടത്തോളം കാലം ഈ നാട്ടിലെ ദളിത് വിഭാഗങ്ങൾക്ക് ഭൂമികൊടുക്കുവാൻ കഴിയില്ല എന്ന നിലപാടുകൊണ്ടാണ് മുഖ്യമന്ത്രിയടക്കമുള്ളവർ ഈ സമരത്തിനെതിരെ അപകീർത്തിയുമായി രംഗത്ത് വരുന്നത്. ഇന്ദിരാഗാന്ധിയും അംബേദ്ക്കറും മാത്രമല്ല അടിസ്ഥാന വിഭാഗങ്ങൾക്ക് അഞ്ചേക്കർ ഭൂമി നൽകണമെന്ന ആവശ്യം മുന്നോട്ട് വയ്ക്കുന്നത്. 1912 മുതൽ ശ്രീമൂലം പ്രജാസഭയിൽ അംഗമായിരുന്ന അയ്യങ്കാളി ദളിതർക്ക് വിദ്യാഭ്യാസ അവകാശങ്ങൾ നേടിത്തന്നതിനൊപ്പം അഞ്ചേക്കർ ചതുപ്പ് നിലങ്ങൾ വച്ച് പതിച്ച് നൽകണമെന്ന വ്യവസ്ഥയുണ്ടാക്കിയിരുന്നു. മിച്ചഭൂമിക്ക് അക്കാലത്ത് ചതുപ്പ് നിലങ്ങൾ എന്നാണ് പറയുന്നത്. ശ്രീമൂലം മഹാരാജാവിന്റെ കാലത്ത് ചതുപ്പ് നിലങ്ങൾ ഉത്തരവ് പ്രകാരം ദളിതർക്ക് പതിച്ച് നൽകിയിട്ടുണ്ട്. അതിനുശേഷം വന്ന പട്ടംതാണുപിള്ളയുടെ കാലത്തും ഈ വിധം അഞ്ചേക്കർ ഭൂമി പതിച്ച് കൊടുത്തിട്ടുണ്ട്. ഇടുക്കി ജില്ലയിലെ പട്ടം കോളനി എന്നറിയപ്പെടുന്ന കോളനി അഞ്ചേക്കർ ഭൂമിവച്ച് പതിച്ച് കൊടുത്ത കൂട്ടത്തിൽപ്പെടുന്നതാണ്. 1942-ൽ അംബേദ്ക്കറും ബ്രിട്ടീഷ് പ്രധാനമന്ത്രി ചർച്ചിലുമായുണ്ടാക്കിയ വ്യവസ്ഥയിലും അഞ്ചേക്കർ ഭൂമി അടിസ്ഥാവിഭാഗങ്ങൾക്ക് നൽകണമെന്നുണ്ടായിരുന്നു. അതിന്റെ പിന്തുടർച്ചയാണ് 1942 ആഗസ്റ്റിൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ ബ്രിട്ടീഷുകാർ നാടുവിടണമെന്നാവശ്യപ്പെട്ട് ക്വിറ്റ് ഇന്ത്യാ സമരമാരംഭിച്ചത്.

രാജഭാരണകാലത്തും ഭരണഘടനപരമായും പൂന കരാർ പ്രകാരവും പട്ടിക വിഭാഗങ്ങൾക്ക് ദരിദ്രരേഖയ്ക്ക് മുകളിലെത്താനുള്ള അവകാശങ്ങൾ സ്വാതന്ത്ര്യത്തിനു ശേഷം വന്ന ജനാധിപത്യ സർക്കാരുകൾ നിഷേധിച്ചിരിക്കുകയാണ്. 1981ലെ നായനാർ സർക്കാരിന്റെ കാലം മുതൽക്കാണ് മൂന്ന് സെന്റ് ഭൂമിയെന്നത് നിർബന്ധമായി നിലവിൽ വന്നത്. അന്ന് ലക്ഷം വീട് പദ്ധതി പ്രകാരം വീടും ഭൂമിയും കിട്ടിയവർ ഇന്ന് എത്രമാത്രം ദുരിതത്തിലാണ് കഴിയുന്നതെന്ന് നമുക്കെല്ലാവർക്കുമറിയാവുന്നതാണ്. ചെങ്ങറ സമരത്തെ എതിർക്കുന്ന മാർക്സിസ്റ്റ് പാർട്ടി ലക്ഷം വീടുകൾ നവീകരിക്കുക എന്ന പദ്ധതിയുമായാണ് ഇപ്പോൾ മുന്നോട്ട് വന്നിരിക്കുന്നത്. പക്ഷെ ലക്ഷം വീടുകൾ നവീകരിച്ചാലും അതിരിക്കുന്നിടത്തെ ഭൂമിയുടെ വ്യാപ്തി കൂടുന്നില്ല. ഭൂമിയുടെ അളവ് കൂട്ടാതെ ലക്ഷം വീടുകളുടെ എണ്ണം കൂട്ടിയാൽ ജീവിതം വീണ്ടും ദുരിതമായിത്തീരുകയേയുള്ളൂ. ഇതിലെല്ലാം അത്ഭുതം ലക്ഷം വീട് നവീകരണ പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഭാഗക്കുറി അടിച്ചിറക്കിയിരിക്കുന്നതാണ്. ലക്ഷം വീട് നവീകരിക്കുന്നതിനായി ചിലവാക്കാൻ സർക്കാർ ഖജനാവിൽ പണമില്ല. നാരായണ പണിക്കർ ചോദിച്ചാൽ പണമുണ്ട് എന്നതാണ് അവസ്ഥ. കൂലിപ്പണി ചെയ്ത് ജീവിക്കുന്ന പട്ടികജാതിക്കാരന്റെയിടയിലാണ് കേരളത്തിലെ ഭാഗ്യക്കുറികളുടെ 75 ശതമാനവും വിറ്റ് തീരുന്നത്. ലക്ഷം വീടുകൾ നവീകരിക്കുന്നതിനായി കോടികൾ സർക്കാർ ഭാഗ്യക്കുറിയിലൂടെ കണ്ടെത്തുകയാണെങ്കിൽ ഫലത്തിൽ അതും പട്ടികജാതിക്കാരന്റെ കൈയിൽ നിന്നുള്ള പണമായിരിക്കും.

ഞാൻ തുടക്കത്തിൽ പറഞ്ഞതുപോലെ ചെങ്ങറയിൽ ഞങ്ങൾ കൈയ്യേറിയിരിക്കുന്നത് ഹാരിസണിന്റെ കൈവശമുള്ള 1048 ഹെക്ടർ ഭൂമിയിലാണ്. ഒരു ഹെക്ടർ ഭൂമിയെന്ന് പറഞ്ഞാൽ 2 ഏക്കർ 45 സെന്റാണ്. അപ്പോൾ അനധികൃതമായി ഹാരിസൺ എത്രസെന്റ് ഭൂമിയാണ് ചെങ്ങറയിൽ കൈവശം വെച്ചിരിക്കുന്നത്? ഇതെല്ലാം അറിയാമായിരുന്നിട്ടും സ്വകാര്യ വ്യക്തിയുടെ ഭൂമിയിൽ ഞങ്ങൾ അതിക്രമിച്ചു കയറി എന്നാണ് മുഖ്യമന്ത്രി പറയുന്നത്. അങ്ങിനെയാണെങ്കിൽ ഈ ഭൂമിയിലെ പ്രായപരിധി കഴിഞ്ഞ റബ്ബർ മരങ്ങൾ വെട്ടിമാറ്റുന്നതിന് ഹാരിസൺ തുനിഞ്ഞപ്പോൾ വനംവകുപ്പ് തടഞ്ഞതെന്തിനാണ്?

ഈ ഭൂമി വനംവകുപ്പിന്റെ കീഴിലാണെന്നും നിങ്ങൾക്കിതിന്റെ മേൽ

**ചെങ്ങറ സമരത്തെ എതിർക്കുന്ന മാർക്സിസ്റ്റ് പാർട്ടി ലക്ഷം വീടുകൾ നവീകരിക്കുക എന്ന പദ്ധതിയുമായാണ് ഇപ്പോൾ മുന്നോട്ട് വന്നിരിക്കുന്നത്. പക്ഷെ ലക്ഷം വീടുകൾ നവീകരിച്ചാലും അതിരിക്കുന്നിടത്തെ ഭൂമിയുടെ വ്യാപ്തി കൂടുന്നില്ല. ഭൂമിയുടെ അളവ് കൂട്ടാതെ ലക്ഷം വീടുകളുടെ എണ്ണം കൂട്ടിയാൽ ജീവിതം വീണ്ടും ദുരിതമായിത്തീരുകയേയുള്ളൂ. ഇതിലെല്ലാം അത്ഭുതം ലക്ഷം വീട് നവീകരണ പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഭാഗ്യക്കുറി അടിച്ചിറക്കിയിരിക്കുന്നതാണ്. ലക്ഷം വീട് നവീകരിക്കുന്നതിനായി ചിലവാക്കാൻ സർക്കാർ ഖജനാവിൽ പണമില്ല. നാരായണ പണിക്കർ ചോദിച്ചാൽ പണമുണ്ട് എന്നതാണ് അവസ്ഥ.**

അധികാരമില്ലെന്നും നിങ്ങൾ കൈയ്യേറ്റക്കാരാണെന്നും വനം വകുപ്പ് ഉദ്യോഗസ്ഥർ പറഞ്ഞപ്പോൾ ഹാരസൺ എന്തിനാണു അതിനെ തിരെ ഹോക്കോടതിയിൽ അപ്പീലിന് പോയത്? വനംവകുപ്പിന്റെ ഭൂമിയാണെന്ന് അവർ ഉറപ്പിച്ച് പറഞ്ഞ സ്ഥലത്ത് ഭൂമിയില്ലാത്ത പട്ടികവിഭാഗങ്ങൾ കയറിയപ്പോൾ അത് സ്വകാര്യവ്യക്തിയുടെ ഭൂമിയാണെന്ന് പറയാൻ മുഖ്യമന്ത്രി യാതൊരു മടിയും കാണിച്ചില്ല.

നിങ്ങൾ ഇപ്പോൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്ന എ. പി. എൽ റേഷൻ കാർഡ് ഏറ്റുവാങ്ങുവാൻ ഞങ്ങൾ തയ്യാറല്ല. 365 ദിവസവും മൂന്ന് നേരം മുടങ്ങാതെ ആഹാരം കഴിക്കാൻ നിവർത്തിയില്ലാത്ത ഞങ്ങളുടെ പക്കലേക്കാണോ നിങ്ങൾ എ. പി. എൽ. റേഷൻ കാർഡുകളെത്തിക്കാൻ പോകുന്നത്?

ഞങ്ങൾ മൂന്ന് നേരം ആഹാരം കഴിക്കാൻ വകയില്ലാത്തവരാണ്. ഞങ്ങൾക്ക് മൂന്നുനേരം ആഹാരം കണ്ടെത്തുന്നതിന് ആവശ്യമായ ഭൂമി നൽകിയശേഷം മാത്രമേ എ. പി. എൽ റേഷൻ കാർഡ് തരാൻ പാടുള്ളൂ. അന്നു മാത്രമേ ചെങ്ങറ ഭൂസമരത്തിൽ പങ്കാളികളായ 27000 ഓളം വരുന്ന ജനങ്ങൾ, 7000 കുടുംബങ്ങൾ ഇനി എ.പി.എൽ റേഷൻകാർഡ് വാങ്ങുകയുള്ളൂ. ഞങ്ങൾക്ക് ബി. പി. എൽ. കാർഡ് തന്ന് പരിഹരിക്കാൻ കഴിയുന്നതല്ല പ്രശ്നം. ബി. പി.എൽ കാർഡിനു വേണ്ടിയല്ല ഞങ്ങൾ സമരം ചെയ്തത്. ഞങ്ങൾ എ. പി. എൽ ആകാൻ വേണ്ടിയാണ് സമരം ചെയ്തത്.

മനുഷ്യസ്നേഹികളായ മുഴുവൻ ജനങ്ങളുടെയും പങ്കാളിത്തം ഈ സമരത്തിനുണ്ടാകണം. ചെങ്ങറിയിൽ നിന്നും ഞങ്ങളെ ഇറക്കിവിടുവാൻ ഹൈക്കോടതി തന്നിരിക്കുന്ന അവസാന ദിവസം ജൂൺ 7 ആണ്. ജൂൺ 7ന് മുൻപ് ചെങ്ങറയിലെ 5000ഓളം കുടുംബങ്ങളെ എന്ത് വിലകൊടുത്തും അവിടെ നിന്നിറക്കുമെന്നാണ് സർക്കാരിന്റെ നിലപാട്. ഇപ്പോഴും അറസ്റ്റ് നടന്നുകൊണ്ടിരിക്കുന്നുണ്ട്. സമരസ്ഥലത്തേക്കെത്തിച്ചിരുന്ന 200 പത്രങ്ങൾ പോലീസ് പിടിച്ചെടുത്തു. ഭക്ഷണസാധനങ്ങളുമായി സമരഭൂമിയിലേക്ക് പോയ 27 പേരെയും അവർ അറസ്റ്റ് ചെയ്തിട്ടുണ്ട്. എത് നിമിഷവും ചെങ്ങറയിൽ എന്തും സംഭവിക്കാം. ഒരു പക്ഷേ അത് നന്ദിഗ്രാമാകാം, മുത്തങ്ങയാകാം. അല്ലെങ്കിൽ പുന്നപ്രയാകാം. എന്തായാലും ഞങ്ങൾ തീരുമാനം പറഞ്ഞിട്ടുണ്ട്, ഒന്ന് ഞങ്ങൾക്ക് ഭൂമി തന്ന് പ്രശ്നം അവസാനിപ്പിക്കുക അല്ലെങ്കിൽ ഞങ്ങളെ വെടിവെച്ച് കൊല്ലുക. ഇതിൽ ഏതായാലും ഞങ്ങൾ നിരായുധരായിതന്നെ സമരവുമായി മുന്നോട്ട് പോകും. ഭൂമിലഭിക്കാതെ ഞങ്ങൾ തിരിച്ച് പോവുകയില്ല. അങ്ങിനെയാണെങ്കിൽ ഞങ്ങളുടെ ശവങ്ങൾ നന്ദിഗ്രാമിൽ ചെയ്തതുപോലെ അവർക്ക് തീയിലിട്ട് ചുട്ട് കളയാം. മുഖ്യമന്ത്രിയുമായി ചർച്ചയ്ക്ക് പോയപ്പോൾ മൂന്ന് സെന്റ് ഭൂമിയും ലക്ഷം വീടും തന്നാൽ പ്രശ്നം തീരില്ലെന്ന് ഞങ്ങൾ പറഞ്ഞു. അങ്ങിനെയാണെങ്കിൽ മുള്ളും കൊമ്പുമുള്ള പോലീസുകാരെ നിങ്ങൾക്ക് കാണേണ്ടിവരുമെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. ആ പോലീസിനെ നേരിടാൻ ഞങ്ങൾ ഇന്ന് തയ്യാറെടുത്തുകൊണ്ടിരിക്കുകയാണ്. ചെങ്ങറയിൽ ഒരു മനുഷ്യക്കുരുതിയുണ്ടാകാതിരിക്കാൻ നിങ്ങളുടെയെല്ലാവരുടേയും പിന്തുണ ആവശ്യപ്പെട്ടുകൊണ്ട് നിർത്തുന്നു.

(2008 മെയ് 3 ന് എറണാകുളത്ത് നടന്ന ചെങ്ങറ ഐക്യദാർഢ്യസമ്മേളനത്തിൽ നടത്തിയ പ്രഭാഷണം)

*സാധുജന വിമോചന സംയുക്തവേദി, പത്തനംതിട്ട*

1 **പ്രഭാഷണം**

# ഭരണകൂടത്തിന്റെ ദാസ്യവേലകളെ ചെറുക്കുക

അഡ്വ. പ്രശാന്ത്ഭൂഷൺ

**ധീരവും** ചരിത്രപ്രാധാന്യമുള്ളതുമായ ചെങ്ങറ സമരത്തിൽ പങ്കെടുക്കാനും ഐക്യദാർഢ്യം പ്രഖ്യാപിക്കാനും കഴിഞ്ഞതിൽ ഏറെ സന്തുഷ്ടിയുണ്ട്. രാജ്യം സ്വതന്ത്രമാവുകയും ഭരണഘടന അംഗീകരിക്കപ്പെടുകയും ചെയ്തപ്പോൾ ഭൂപരിഷ്കരണം നടപ്പാക്കുമെന്നും ഭൂരഹിതർക്ക് ഭൂമി പുനർവിതരണം ചെയ്യുമെന്നും പറഞ്ഞിരുന്നു. തുടക്കത്തിൽ ചില ഭൂപരിഷ്കരണ നടപടികളും സമീന്താരീ ഉച്ചാടനനടപടികളും ഉണ്ടായി. വിശിഷ്യാ , കമ്മ്യൂണിസ്റ്റുകാർ ഭരണത്തിൽവന്ന ശേഷം ബംഗാളിലും കേരളത്തിലും ഫലപ്രദമായ ഭൂപരിഷ്കരണ നടപടികളുണ്ടായി. ജന്മിമാരിൽനിന്നും ഭൂരഹിതർക്ക് കിടപ്പാടംകിട്ടി. പിന്നീടെന്തുണ്ടായി എന്ന് കേരളത്തിന്റെ അനുഭവത്തിൽനിന്നും നമുക്കറിയാം. ഭൂപരിഷ്കരണത്തിന്റെ ആത്മസത്ത് നടപ്പാക്കപ്പെട്ടില്ല–അല്ലെങ്കിൽ ഭാഗികമായേ നടപ്പാക്കീട്ടുള്ളൂ. കേരളത്തിൽ എന്തുകൊണ്ടാണ് തുടർനടപടികളില്ലാതായത്. രാജ്യത്തിന്റെ മറ്റുഭാഗങ്ങളിൽ യാതൊരു അനക്കവും ഉണ്ടായിട്ടില്ല.

കഴിഞ്ഞ 15വർഷമായി നാം ഉദാരവൽകരണത്തിന്റെ പിറകെയാണ്. ഭരണഘടനവാഗ്ദാനംചെയ്ത ഭൂപരിഷ്കരണം യഥാർത്ഥത്തിൽ റിലയൻസ്പോലുള്ള വൻകോർപറേഷനുകൾ ഭൂമി വാങ്ങിക്കൊടുക്കലാണെന്ന് തോന്നുന്നു. പതിനായിരക്കണക്കിന് ഏക്കർ ഭൂമി കൈവശം വെച്ചിരിക്കുന്ന ഇത്തരം കുത്തകകൾക്ക് ഭൂമി വാങ്ങികൊടുക്കാൻ സർക്കാറുകൾ മത്സരിക്കുകയാണിപ്പോൾ.

ചെങ്ങറയിലെ പ്രശ്നം എവിടെയും സംഭവിക്കാവുന്നതാണ്. ഹാരിസൺഗ്രൂപ്പ് ഈ എസ്റ്റേറ്റ് നിയമവിരുദ്ധമായി കൈവശം വെച്ചിരിക്കുകയാണെന്നാണ് ഞാൻ മനസിലാക്കുന്നത്. ജനങ്ങൾ സംഘടിച്ച് കോർപറേറ്റ് ബലപ്രയോഗത്തെ തടഞ്ഞു. സർക്കാറിന് ഇതൊരു മുന്നറിയിപ്പാണ്. പാവപ്പെട്ട ഭൂരഹിതർക്ക് ഭരണഘടന വാഗ്ദാനം നൽകുന്ന കൃഷിഭൂമി നൽകാതെ കോർപറേഷനുകൾക്ക് ഭൂമി പതിച്ചു നൽകുകയല്ല സർക്കാറിന്റെ പണി. സാധാരണജനങ്ങളെ അവരുടെ ആവാസകേന്ദ്രങ്ങളിൽനിന്നും പുറത്താക്കി കോർപറേഷനുകൾക്ക് ഭൂമി പിടിച്ചു നൽകുന്ന പുതിയ രീതി എതിർക്കപ്പെടേണ്ടതാണ്. ഭരകൂടവും നിയമസംവിധാനവും ബഹുജനങ്ങൾ നൽകുന്ന സന്ദേശം മനസിലാക്കണം. ഭരകൂടത്തിന്റെ ജോലി രാജ്യത്തിന്റെ സാമ്പത്തികവളർച്ച് ത്വരിതപ്പെടുത്തുകയാണ്.

(ചെങ്ങറ ഐക്യദാർഢ്യ സമ്മേളനം, കൊച്ചി)